28/09/2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/09/2024

1. കർഷകർക്കായി വിവിധ കാർഷിക യന്ത്രോപകരണങ്ങളിൽ (ട്രാക്ടർ, പവർ ടില്ലർ, ഞാറ് നടീൽ യന്ത്രം, ഗാർഡൻ ടില്ലർ, പുല്ലുവെട്ടി യന്ത്രം, മരം മുറിക്കുന്ന യന്ത്രം. തെങ്ങുകയറ്റ യന്ത്രം) പ്രവൃത്തി പരിചയം നേടുന്നതിനും, അവയുടെ റിപ്പയർ, മെയിൻറനൻസ്, ഓപ്പറേഷൻ എന്നീ വിഭാഗങ്ങളിൽ പരിശീലനം നൽകുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ നിർദേശം നൽകിയിരിക്കുകയാണ്. കാർഷിക മേഖലയിൽ ഇത്തരം പരിശീലനത്തിന് താത്പര്യം ഉള്ളവരെ മാത്രം പരിഗണിച്ചുകൊണ്ട് 2024 ഒക്ടോബർ 17 മുതൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിൽ ഓരോ ബാച്ചിലും 30 പേർ അടങ്ങുന്ന 5 ബാച്ചുകളായി റസിഡൻഷ്യൽ ട്രെയ്നിംഗ് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. പരിശീലനാർത്ഥികൾക്ക് താമസവും, ഭക്ഷണവും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്, കേരളത്തിലെ പതിനാല് ജില്ലകളിൽ നിന്നും പരിശീലനത്തിന് താത്പര്യമുള്ളവർ 0471-2481763, 9383470315 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

2. കേരളഗ്രോ ബ്രാൻഡ് സ്റ്റോറുകളുടെയും മില്ലെറ്റ് കഫേകളുടെയും സംസ്ഥാനതല ഉദ്ഘാടനം 2024 ഒക്ടോബർ 1 വൈകുന്നേരം 3 മണി ഗാർഡൻ റോസ് കൃഷിക്കൂട്ടം ഉള്ളൂർ ജംഗ്ഷനിൽ വച്ച് കൃഷി വകുപ്പ് മന്ത്രിപി പ്രസാദ് നിർവ്വഹിക്കുന്നു. പരിപാടിയിൽ കഴക്കൂട്ടം എം.എൽ.എ കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കുന്നതാണ്.

3. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ഇന്ന് (സെപ്റ്റംബർ 28) രാവിലെ 10.30ന് മണ്ണ് പരിശോധന ക്യാമ്പയിൻ സംഘടിപ്പിക്കും. ക്യാമ്പിനോടനുബന്ധിച്ച് മണ്ണ് സാമ്പിൾ ശേഖരണം, മണ്ണ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പര്യവേക്ഷണ റിപ്പോർട്ട് പ്രകാശനം, കർഷക പരിശീലനം തുടങ്ങിയവ ഉണ്ടായിരിക്കുമെന്നും അസിസ്റ്റന്റ് ഡയറക്ടർ വിവി റീന അറിയിച്ചു.

4. കേരള ഫിഷറീസ് സർവകലാശാല 80 കർഷകർക്കായി ഉയർന്ന എക്സ്പോർട്ട് ക്വാളിറ്റിയുള്ള കായൽ ഞണ്ട് MUD CRAB വളർത്തൽ പരിശീലനം ഇന്ന് (സെപ്റ്റംബർ 28) സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ ബുക്കിങ്ങിനായി 9544553253 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്ത് കൃഷിഭവൻ പരിധിയിൽ കുറഞ്ഞത് 25 സെന്റ് ഭൂമിയിൽ പ്ലാവ്, മാവ്, റംബുട്ടാൻ, പേര, സീതപ്പഴം, ടിഷ്യൂകൾച്ചർ വാഴ (ഡ്രിപ് ഇറിഗേഷനോട് കൂടി), ഡ്രാഗൺ ഫ്രൂട്ട്, സപ്പോട്ട എന്നീ പഴവർഗങ്ങളുടെ മാതൃകാ തോട്ടം സ്ഥാപിക്കുന്നതിന് കൃഷി വകുപ്പ് മുഖേന ആനുകൂല്യം നൽകുന്നു. താത്പര്യമുള്ള കർഷകർ ഈ മാസം 30നകം ആധാർ കാർഡ്, നികുതി രസീത്, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പ് സഹിതം അപേക്ഷ ആനാട് കൃഷി ഭവനിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547902569, 9383470151.

6. കിഴക്കമ്പലം സംസ്ഥാന കൃഷിവകുപ്പ് നടപ്പിലാക്കുന്ന കേര രക്ഷാവാരം പദ്ധതിപ്രകാരം തെങ്ങിന് മരുന്നുതളിക്കുന്നതിന് കിഴക്കമ്പലം കൃഷിഭവൻ പരിധിയിൽപെട്ട കർഷകർക്ക് അപേക്ഷിക്കാം. ഒരു തെങ്ങ് വൃത്തിയാക്കി മരുന്നു തളിക്കുന്നതിന് 75 രൂപയാണ് ഗുണഭോക്തൃവിഹിതം. താത്പര്യമുള്ള കൃഷിക്കാർ തന്നാണ്ട് കരമടച്ച രസീത്, ആധാർ എന്നി വയുടെ പകർപ്പുസഹിതം 30-നുമുൻപായി കിഴക്കമ്പലം കൃഷി ഓഫീസിൽ അപേക്ഷ നൽകണം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മത്സ്യത്തൊഴിലാളി കുടുംബത്തിലെ ഒരാൾക്ക് മത്സ്യബന്ധനമല്ലാത്ത ഒരു തൊഴിൽ എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ. മത്സ്യത്തൊഴിലാളി വിഭാഗത്തിലെ തൊഴിലന്വേഷകർക്കായി നൈപുണ്യ പരിശീലനം ഉറപ്പാക്കുക എന്നതാണ് സ്കിൽ അപ്ഗ്രഡേഷനിലൂടെ ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

കേരള നോളജ് ഇക്കോണമി മിഷനും മത്സ്യബന്ധന വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന 'തൊഴിൽതീരം' വിജ്ഞാന തൊഴിൽ പദ്ധതിയുടെ സ്കിൽ അപ്ഗ്രഡേഷൻ ഉന്നതതല യോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. 18 നും 50 വയസിനുമിടയിലുള്ള മത്സ്യബന്ധന വിഭാഗത്തിലെ അഭ്യസ്തവിദ്യരായവർക്ക് വിജ്ഞാന തൊഴിൽ മേഖലയിൽ അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് തൊഴിൽതീരം പദ്ധതി നടപ്പാക്കുന്നത്. പ്ലസ്ടുവോ അതിനുമുകളിലോ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് നോളജ് ഇക്കോണമി മിഷൻ്റെ വെബ് പോർട്ടലായ ഡിഡബ്ല്യൂഎംഎസിൽ രജിസ്റ്റർ ചെയ്യാം.

8. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിവകുപ്പ് നടപ്പിലാക്കുന്ന കൂൺ ഗ്രാമം പദ്ധതിയിൽ ഗുണഭോക്താക്കളാകാൻ താല്പര്യമുള്ള കർഷകർ, അതാത് കൃഷി ഭവനുകളുമായി ബന്ധപ്പെടേണ്ടതാണെന്ന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. ആദ്യഘട്ടത്തിൽ ജില്ലയിലെ ചേർത്തല, ചെങ്ങന്നൂർ ബ്ലോക്കുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെടുന്നവർക്ക് കൃഷിവകുപ്പ് കൂൺ കൃഷിയുമായി ബന്ധപ്പെട്ട സൗജന്യ പരിശീലനങ്ങൾ നൽകും. താല്പര്യമുള്ള കർഷകർ കൂടുതൽ വിവരങ്ങൾക്ക് ചേർത്തല, ചെങ്ങന്നൂർ ബ്ലോക്കുകളിലെ കൃഷിഭവനുകളുമായി ബന്ധപ്പെടേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ കൂൺ വിത്തുകൾ വില്പനക്കായി തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0487 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. രാജ്യത്തെ തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്ന വ്യക്തികൾക്കും, ഏറ്റവും നല്ല എ.ഐ ടെക്നീഷ്യനും, ഡെയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡെയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും 'ദേശീയ ഗോപാൽരത്ന പുരസ്കാരം 2024' നൽകുന്നു. Ministry of Home Affairs (MHA) യുടെ https://awards.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ അവാർഡിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം (സെപ്റ്റംബർ) 30 ആണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2449138 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടി

11. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ 'കോഴിവളർത്തൽ' എന്ന വിഷയത്തിൽ 30.09.2024ന് പരിശീലനം സംഘടിപ്പിക്കുന്നു. 550/-രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ഓഫീസ് സമയങ്ങളിൽ 0487 2370773, 8547070773 എന്നീ ഫോൺ നമ്പറുകളിൽ 29.09.2024, ന് മുമ്പായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം